**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3915** **15-07-2022 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഇ-ഹെൽത്ത് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഇ-ഹെൽത്ത് പദ്ധതിയിലൂടെ ഓൺലൈനായി ഒ.പി ടിക്കറ്റും അപ്പോയിന്റ്മെന്റും എടുക്കുവാൻ കഴിയുന്ന സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഇല്ലെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (ബി) | തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നെറ്റ് വർക്ക്, യുപിഎസ് കേബിളിങ് ജോലികൾ പൂർത്തീകരിച്ചു കഴിഞ്ഞു. ആവശ്യമായ വൈദ്യുതി ലഭ്യമാകുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നു വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്. |
| (സി) | ഇല്ലെങ്കിൽ ഇത് എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ; | (സി) | തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നെറ്റ് വർക്ക്, യുപിഎസ് കേബിളിങ് ജോലികൾ പൂർത്തീകരിച്ചു കഴിഞ്ഞു. ആവശ്യമായ വൈദ്യുതി ലഭ്യമാകുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നു വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്. |
| (ഡി) | ഏതൊക്കെ മെഡിക്കൽ കോളേജുകളിൽ ഈ സംവിധാനം വിജയകരമായി നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, മലപ്പുറം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ഇ-ഹെൽത്ത് പദ്ധതി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ